"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:132/ഡിഡി2/2023/തസ്വഭവ

തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-11-2024

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. സ.ഉ.(സാധാ)നം.1549/2011/ത.സ്വ.ഭ.വ തീയതി 29.06.2011
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.04.2023-ലെ CPSP-1-36042/2022/DVACB നമ്പർ കത്ത്
3. സ.ഉ.(കൈ)നം.80/2024/ത.സ്വ.ഭ.വ തീയതി 29.06.2024
4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 13.11.2024-ലെ NREGA/1078/2023-B1 നമ്പർ കത്ത്

**********************

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ തസ്തികകളിൽ കരാർ നിയമനം/പുനർ നിയമനം നടത്തുന്നതിനും പിരിച്ച് വിടുന്നതിനുമുള്ള അധികാരം സൂചന (1) ഉത്തരവ് പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന കരാർ ജീവനക്കാരിൽ, പ്രത്യേകിച്ചും സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെട്ടവർ KMBR/KPBR ചട്ടങ്ങൾ പ്രകാരം പ്ലാനുകളും ഡ്രോയിങ്ങുകളും തയ്യാറാക്കുന്നതിനും, സാക്ഷ്യപ്പെടുത്തുന്നുന്നതിനും വേണ്ടിയുള്ള രജിസ്റ്റേർഡ് ലൈസൻസ് ഉള്ള വ്യക്തികൾ ആവുന്നത് പഞ്ചായത്തുകളിലെ നടപടിക്രമങ്ങളിൽ സുതാര്യത നഷ്ടപ്പെടുത്തുന്നതിനും സ്വജന പക്ഷപാതത്തിനും അഴിമതിയ്ക്കും ഇട നൽകുന്നതുമാണെന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർ നിർദ്ദിഷ്ട ജോലിയല്ലാതെ പഞ്ചായത്തുമായി ബന്ധപ്പെട്ട മറ്റ് ജോലികളോ വ്യക്തിഗത ജോലികളോ ഏറ്റെടുക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്ന സൂചന (2) പ്രകാരമുള്ള വിജിലൻസ് ഡയറക്ടറുടെ ശിപാർശ പ്രകാരം ഉചിതമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സൂചന (4) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന

ജീവനക്കാർ, ടിയാർ KMBR/KPBR ചട്ടങ്ങൾ പ്രകാരം, ആർക്കിടെക്റ്റ്, ബിൽഡിങ് ഡിസൈനർ, എഞ്ചിനിയർ, ടൗൺ പ്ലാനർ അല്ലെങ്കിൽ സൂപ്പർവൈസർ ആയി പ്രവർത്തിക്കുന്നതിനുള്ള ഒരു സാധുവായ ലൈസൻസ് കൈവശം വയ്ക്കുന്നില്ല എന്ന സത്യവാങ്മൂലം അവരുടെ നിയമന വേളയിലും കരാർ പുതുക്കുന്ന സമയത്തും സമർപ്പിക്കേണ്ടതാണ്.

ii. കരാർ ജീവനക്കാർ നേരിട്ടോ ബിനാമി ആയോ മറ്റ് വരുമാനദായക ജോലികളിൽ ഏർപ്പെടുന്ന വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയോ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെയോ ശ്രദ്ധയിൽ വരുന്ന പക്ഷം, അവരെ നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

iii. വിജിലൻസ്/വകുപ്പ് തല അന്വേഷണത്തിൽ അഴിമതിക്കാർ എന്ന് കണ്ടെത്തുന്നവരെയും, കർത്തവ്യങ്ങളിൽ വീഴ്ച വരുത്തുന്നവരെയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ സേവനത്തിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ, അവരെ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ പ്രോഗ്രാം കോർഡിനേറ്റർ ആയ ജില്ലാ കളക്ടർമാർക്ക് പ്രത്യേക അധികാരം ഉണ്ടായിരിക്കുന്നതാണ്.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ, MGNREGA ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റി, തിരുവനന്തപുരം
എല്ലാ MGNREGA ഓംബുഡ്സ്മാൻമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 26-11-2024 16:49:08
സെക്ഷൻ ഓഫീസർ.

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്